# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 19 | 2018 |
|---|---|



## ശബരിമല പത്രക്കുറിപ്പ്-1

ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidhanam2019@gmail.com

### ശബരിമല ഡ്യൂട്ടി : കെഎസ്ആർടിസി ഡ്രൈവർക്ക് ചികിത്സാ അവധി നിഷേധിച്ചെന്ന വാർത്ത വാസ്തവവിരുദ്ധം

നിലയ്ക്കൽ കെ എസ് ആർ ടി സി ബസ് സ്റ്റേഷനിൽ ശബരിമല സ്പെഷ്യൽ ഡ്യൂട്ടിക്കെത്തിയ ഡ്രൈവർ പി ബി ദിലീപ് കുമാറിന് ചികിത്സയ്ക്ക് പോകാൻ അനുമതി നിഷേധിച്ചു എന്ന വാർത്ത വാസ്തവവിരുദ്ധമാണെന്ന് കെ എസ് ആർ ടി സി നിലക്കൽ സ്പെഷ്യൽ ഓഫീസർ അറിയിച്ചു. അകാരണമായി ജോലിസ്ഥലത്തു നിന്ന് മാറിനിന്നി ട്ടുപോലും ഇദ്ദേഹത്തിന് ചികിത്സക്കായി നാല് ദിവസത്തെ ലീവ് നൽകി രുന്നു. എന്നാൽ മുഴുവൻ ഡ്യൂട്ടിയും ഒഴിവാക്കി വീട്ടിൽ പോകാൻ അനുവദി ക്കണം എന്ന ആവശ്യം നടക്കാത്തതതിനെ തുടർന്നാണ് ഡ്രൈവർ ദിലീപ് കുമാർ തെറ്റായ വാർത്തകൾ പ്രചരിപ്പിച്ചത്.

ദിലീപ് കുമാർ ഡിസംബർ 8,9,10 തീയതികളിൽ മേലധികാരികളുടെ മുൻകൂർ അനുമതി കൂടാതെ ഡ്യൂട്ടിയിൽനിന്ന് അനധികൃതമായി വിട്ടുനിൽക്കുകയും നിലക്കൽ ബസ് സ്റ്റേഷൻ വിട്ടുപോവുകയും ചെയ്തി രുന്നു. ഇത് മൂലം ബസ് സർവീസുകൾ ക്യാൻസൽ ചെയ്യേ ി വന്നിരുന്നു. തുടർന്ന് ഡിസംബർ 11 ന് മാത്രമാണ് ഇദ്ദേഹം തിരികെ ഡ്യൂട്ടിയിൽ പ്രവേ ശിച്ചത്. ഡ്യൂട്ടിയിൽ നിന്നും വിട്ടുനിന്നതിന് തൃപ്തികരമായ വിശദീകരണം

തരുവാനും ഇദ്ദേഹത്തിന് കഴിഞ്ഞിട്ടില്ല. മാത്രവുമല്ല ഡിസംബർ 16-ന് നിലയ്ക്കൽ ബസ്സ് സ്റ്റേഷനിൽ ഡ്യൂട്ടിയിലു ായിരുന്ന മേലുദ്യോഗസ്ഥരെ കൈയേറ്റം ചെയ്യാൻ ശ്രമിച്ചതിനും നിർദ്ദേശങ്ങൾ അനുസരിക്കാതെ സർവീസ് നിർത്തിവച്ചതിനും ഇയാൾക്കെതിരെ പരാതി ഉ ്.

ഇതേതുടർന്ന് ഇദ്ദേഹത്തെ ഡിസംബർ 17 ാം തീയതിയിൽ തന്നെ ലൈൻ ഡ്യൂട്ടിയിൽ നിന്നും മാറ്റിയിരുന്നു. തുടർന്ന് 17 ന് വൈകുന്നേരത്തോടെ പി.ബി ദിലീപ് കുമാർ ആശുപത്രിയിൽ പോകാൻ അവധിക്ക് അപേക്ഷിക്കുകയും അന്നുതന്നെ അദ്ദേഹത്തിന് നാല് ദിവസത്തെ ലീവ് അനുവദിക്കുകയും ചെയ്തിരുന്നു. എന്നാൽ ഡ്യൂട്ടിയിൽനിന്ന് വിടുതൽ ചെയ്ത് വീട്ടിലേക്കയക്കണം എന്നും അല്ലാത്തപക്ഷം തനിക്ക് ലീവ് വേ  എന്നുമായിരുന്നു ഇയാളുടെ പ്രതികരണം. പിറ്റേന്ന് 18-ാം തീയതി ഗ്രൗ ് ഡ്യൂട്ടി എന്ന് പറഞ്ഞ് സ്വയം ഡ്യൂട്ടിയ്ക്ക് നിൽക്കുകയും, പ്രസ്തുത സമയം ഇയാൾ വിശ്രമിക്കുന്ന ഫോട്ടോ എടുത്ത് മേലധികാരികളെ കുറ്റപ്പെടുത്തുന്ന രീതിയിലുള്ള വാർത്ത നൽകുകയുമാണ് ഉ ായിട്ടുള്ളത്.

അവശ്യ സർവീസായ ശബരിമല സർവീസിന് എത്തുന്ന ജീവനക്കാർ ചിലർ നിസ്സാര രോഗ കാരണങ്ങൾ ചൂ ിക്കാണിച്ച് നാട്ടിലേക്ക് മടങ്ങണം എന്ന് ആവശ്യപ്പെടുന്ന പ്രവണത വർധിച്ചുവരികയാണ്. ശബരിമല സർവീസ് പോലെ 24 മണിക്കൂറും തിരക്കേറിയ ഒരു സ്ഥലത്തെ സർവീസ് നടത്തിപ്പിന് കടുത്ത ബുദ്ധിമുട്ടാണ് ഈ പ്രവണത മൂലം ഉ ായിക്കൊ ിരിക്കുന്നത്. 20 ദിവസം മാത്രമാണ് പരമാവധി ഒരു ജീവനക്കാരനെ ശബരിമല സർവീസിൽ നിയോഗിക്കുന്നത്. ഭൂരിഭാഗം ജീവനക്കാരും സേവനമനസ്ഥിതിയോടു കൂടി ജോലി ചെയ്യുമ്പോൾ കേവലം ന്യൂനപക്ഷമായ ഇത്തരം ജീവനക്കാർ മറ്റ് ജീവനക്കാരുടെ കൂടി ആത്മവിശ്വാസം നശിപ്പിക്കുന്ന തരത്തിലുള്ള പ്രവർത്തനമാണ് നടത്തിവരുന്നത്.

ഡ്യൂട്ടിക്കിടയിൽ രോഗം ബാധിക്കുന്ന ജീവനക്കാർക്ക് നിയമമനുസരിച്ചുള്ള എല്ലാ പരിഗണനയും ചികിത്സയും നൽകാൻ കോർപ്പറേഷൻ പ്രത്യേകം ശ്രദ്ധിക്കുന്നു ്. ഇതുവരെ പനി മൂലം 9 ജീവനക്കാരേയും മഞ്ഞപ്പിത്തം മൂലം 2 ജീവനക്കാരേയും ഹൃദയ സംബന്ധമായ അസുഖങ്ങൾ മൂലം 4 ജീവനക്കാരേയും ചിക്കൻ പോക്സ് കാരണം ഒരു ജീവനക്കാരനേയും മറ്റ് പലതരം രോഗങ്ങൾ മുഖാന്തിരം 12 പേരേയും റിലീവിംഗ് ഓർഡർ നൽകി വിട്ടയച്ചിട്ടു ന്നും കെ എസ് ആർ ടി സി സ്പെഷ്യൽ ഓഫീസർ അറിയിച്ചു.

(പി.ആർ. ശബരി-326)

## ഭണ്ഡാരപ്പടിക്ക് താഴെ നെയ്യഭിഷേകത്തിന് തയ്യാറാവാൻ പ്രത്യേക സ്ഥലം

പതിനെട്ടാംപടിക്ക് തൊട്ടടുത്ത് അയ്യപ്പൻമാർക്ക് സ്വസ്ഥമായി ഇരുന്ന് നെയ് ത്തേങ്ങയിൽ നിന്നും നെയ്യ് പാത്രത്തിലേക്ക് പകരാം. ഇതിനായി പ്രത്യേക സ്ഥലം തിരിച്ചു നൽകി. ഭണ്ഡാരപ്പടിക്ക് താഴെ വാവര് നടക്ക് അഭിമുഖമായാ

ണ് പ്രത്യേക ബ്ലോക്കായി സ്ഥലം നൽകിയിട്ടുള്ളത്. രാവിലെ മൂന്ന് മുതൽ ഉച്ചവരെയാണ് നെയ്യ് പകരാൻ ഈ സ്ഥലം അനുവദിച്ചിട്ടുള്ളത്. ഉച്ചകഴിയുന്നതോടെ ഇവിടെ ദേവസ്വം ബോർഡ് ജീവനക്കാർ കഴുകി വൃത്തിയാക്കും. തിരക്ക് വർധിക്കുന്നതോടെ തേങ്ങയിൽ നിന്നും നെയ്യ് പകരാൻ സ്ഥലമില്ലാതെ ബുദ്ധിമുട്ട് അനുഭവച്ചിരുന്ന അയ്യപ്പൻമാർക്ക് ഈ സ്ഥലം അനുഗ്രഹമാണ്. മാത്രവുമല്ല ഈ സ്ഥലം ബാരിക്കേഡ് തിരിച്ച് വേർതിരിച്ചതിനാൽ സംഘമായി പോകുന്ന മറ്റ് അയ്യപ്പൻമാരുടെ തിരക്കും ഇവരെ ബാധിക്കുന്നില്ല. ഇവിടെ നെയ്യ് പകരുന്ന അയ്യപ്പൻമാർ കേന്ദ്രീകരിക്കുന്നതോടെ ക്ലീനിങ് തൊഴിലാളികൾക്കും ജോലി എളുപ്പമായി. നൂറുകണക്കിന് അയ്യപ്പൻമാർ സംഘമായി എത്തിയതോടെ ഇവടം ഭക്തിസാന്ദ്രമായ സങ്കേതമായി മാറിക്കഴിഞ്ഞു.

(പി.ആർ. ശബരി-327)

## നെയ്യഭിഷേകം ചെയ്യാത്തവർക്ക് ആടിയ നെയ്യ് ലഭിക്കാൻ പ്രത്യേക കൗ ർ

നെയ്യഭിഷേകം ചെയ്യാൻ സാധിക്കാത്തവർക്ക് ആടിയ നെയ്യ് നൽകുന്നതിന് പ്രത്യേക കൗ ർ ഒരുക്കി ദേവസ്വം ബോർഡ്. സന്നിധാനം തിരുമുറ്റത്ത് വടക്കു വശത്തായാണ് കൗ ർ. ഉച്ചയ്ക്ക് നെയ്യഭിഷേകം കഴിഞ്ഞെത്തുന്ന അയപ്പൻമാരുടെ നെയ്യ് ഇവിടെ വാങ്ങി പകരം അഭിഷേകം നടത്തിയ ആടിയ നെയ്യ് നൽകും. സമയക്കുറവ് മൂലം നെയ്യഭിഷേകം നടത്താതെ മടങ്ങി പോകേ ി വരുന്നവർക്ക് ആശ്വാസമാണ് ഈ സംരംഭം. ഇന്നലെ മാത്രം മൂവായിരം പേരാണ് ഈ കൗ റിന്റെ സേവനം ഉപയോഗപ്പെടുത്തിയത്. മുൻകാലങ്ങളിൽ നെയ്ത്തോണിയിൽ നെയ് സമർപ്പിച്ച് പോവുകയായിരുന്നു പതിവ്. എന്നാൽ ഇതോടെ നമ്മൾ നൽകുന്ന നെയ്ക്ക് പകരമായി ആടിയ നെയ്യ് അപ്പോൾതന്നെ ലഭിക്കും എന്നതാണ് പ്രത്യേകത.

(പി.ആർ. ശബരി-328)

## തകിൽവാദ്യ അകമ്പടിയോടെ സമ്പന്ദസ്വാമി മലചവിട്ടിയത് 61 ാം തവണം

സമ്പന്ദ സ്വാമി മലചവിട്ടുന്നത് 61 -ാം തവണയാണ്. മലയിലെത്തുന്നതാവട്ടെ തകിൽവാദ്യത്തിന്റെ അകമ്പടിയോടെയും. കുട്ടിക്കാലം മുതൽ ഈ പതിവ് തെറ്റിക്കാറില്ലെന്ന് സമ്പന്ദസ്വാമി പറയുന്നു. തമിഴ്നാട് പോ ിച്ചേരി കരേക്കാൽ സ്വദേശിയാണ് ഇദ്ദേഹം. ജഢാനരകൾ ബാധിച്ച ഇദ്ദേഹമാണ് ഗ്രാമത്തിലെ എല്ലാവർക്കും കെട്ടു നിറയ്ക്കുന്നത്. ഇത്തവണ സ്വാമിയോടൊത്ത് 15 പേരാണ് വന്നത്. ഗ്രാമത്തിന്റെ ആകെ ഗുരുസ്വാമിയായ സമ്പന്ദ സ്വാമി

കൾ മുറതെറ്റാതെ ശബരീശ സന്നിധിയിൽ എത്തുന്നു. തന്റെ ജീവിതത്തിലെ ഏറ്റവും വലിയ ആനന്ദമാണ് സന്നിധാനത്തെത്തുമ്പോൾ ലഭിക്കുന്നതെന്നും മരണം വരെയും അയ്യപ്പനെ കാണാൻ വരുമെന്നും സമ്പന്ദ സ്വാമികൾ പറഞ്ഞു.

(പി.ആർ. ശബരി-329)

## പമ്പയുടെ പുനരുദ്ധാരണത്തിനായി പ്രത്യേക വഞ്ചികളിൽ പണമിടാം

പ്രളയം തകർത്ത പമ്പയുടെ പുനരുദ്ധാരണത്തിനായി സ്ഥാപിച്ചിട്ടുള്ള പ്രത്യേക വഞ്ചികളിൽ അയ്യപ്പ ഭക്തർക്ക് പണമിടാം. നാല് വഞ്ചികളാണ് സ്ഥാപിച്ചിട്ടുള്ളത്. സന്നിധാനം തിരുമുറ്റത്ത് രണ്ണവും മാളികപ്പുറത്തും ക്ഷേത്രം ഓഫീസിന് മുന്നിലുമായും ഓരോ വഞ്ചികളാണ് സ്ഥാപിച്ചിട്ടുള്ളത്. ഇതിലെ വരുമാനം തിട്ടപ്പെടുത്താനായി പ്രത്യേക അക്കൗ ും തുറന്നിട്ടു ്. ഈ വഞ്ചികളിൽ നിന്നും ലഭിക്കുന്ന പണം ഉപയോഗിച്ച് പമ്പാ നവീകരണമാണ് ലക്ഷ്യമിടുന്നത്.

(പി.ആർ. ശബരി-330)

## ഇന്ന് (ഡിസംബർ 20) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ

ശബരിമല തീർഥാടനത്തോടനുബന്ധിച്ച് ജില്ലയിൽ ഇന്ന് (ഡിസംബർ 20) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ: നീതി മെഡിക്കൽ സ്റ്റോർ മൈലപ്ര പത്തനംതിട്ട, ദീപ മെഡിക്കൽസ് എലിയറയ്ക്കൽ കോന്നി, നന്മ മെഡിക്കൽസ് ആൻഡ് സർജിക്കൽസ് കോഴഞ്ചേരി, സാംകോ ഡ്രസ് ഹൗസ് അടൂർ, നീതി മെഡിക്കൽ സ്റ്റോർ കുളനട പന്തളം, ജനകീയ മെഡിക്കൽസ് തിരുവല്ല, സെന്റ് തോമസ് മെഡിക്കൽ സ്റ്റോർ റാന്നി, ഗ്രേസ് മെഡിക്കൽസ് വടശേരിക്കര.

(പി.ആർ. ശബരി-331)

ശബരിമലയിലെ ഇന്നത്തെ ചടങ്ങുകൾ(20.12.18)

രാവിലെ
3 ന് ..... ക്ഷേത്രനട തുറക്കൽ
3.05 ന് ..... നിർമ്മാല്യം
3.15 മുതൽ ഉച്ചയ്ക്ക് 12വരെ നെയ്യഭിഷേകം
3.30 ന് ഗണപതി ഹോമം
7.30 ന് ഉഷപൂജ
12.40ന് ഉച്ചപൂജ
1 മണിക്ക് നട അടയ്ക്കും

വൈകുന്നേരം
3 ന് നടതുറക്കൽ
6.30ന് ദീപാരാധന
7 ന് പുഷ്പാഭിഷേകം
രാത്രി 9.30 ന് അത്താഴപൂജ
10.50ന് ഹരിവരാസനം പാടി 11 മണിക്ക് നട അടയ്ക്കും ....

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.